**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3882** **09-10-2025 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാനങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന പ്രവണത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വാഹനങ്ങൾ പോണ്ടിച്ചേരി അടക്കമുള്ള കേന്ദ്രഭരണ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.സംസ്ഥാനത്തെ വാഹനങ്ങൾ പോണ്ടിച്ചേരി അടക്കമുള്ള കേന്ദ്രഭരണ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സ്ഥിരമായി ഉപയോഗിക്കുന്നത് വാഹന പരിശോധനയിലൂടെ കണ്ടെത്തുകയും അത്തരം വാഹനങ്ങൾ പിടിച്ചെടുക്കുകയും അവയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി ഈടാക്കുകയും ചെയ്തുവരുന്നു. |
| (ബി) | ഇത്തരത്തിൽ നികുതി വെട്ടിക്കാൻ വേണ്ടി ഇതര സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും രജിസ്റ്റർ ചെയ്ത വാഹനങ്ങളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. പോണ്ടിച്ചേരി അടക്കമുള്ള കേന്ദ്രഭരണ പ്രദേശങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും രജിസ്റ്റർ ചെയ്യുകയും കേരളത്തിൽ ഉപയോഗിക്കുകയും ചെയ്യുന്ന വാഹനങ്ങൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയ വാഹനങ്ങളിൽ നിന്നും കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടിലും ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നികുതി ഈടാക്കുകയും അപ്രകാരമുള്ള നികുതി അടയ്ക്കാത്ത വാഹന ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) | നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനുമായി നിരന്തരമായ വാഹന പരിശോധന നടത്തി വരുന്നുണ്ട്. പിടിക്കപ്പെടുന്ന വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ